**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 820** **06-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിലുണ്ടായ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | വിദ്യാഭ്യാസം ഓൺലൈൻ സമ്പ്രദായത്തിലേക്ക് മാറിയ കോവിഡ് സാഹചര്യത്തിൽ പഠന സൗകര്യങ്ങളും ഇന്റർനെറ്റ് കണക്ടിവിറ്റിയും നൽകാൻ കഴിയാതെ വന്നതിനാൽ പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിലുണ്ടായ പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (എ) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സാമൂഹ്യപഠനമുറികൾ കൂടാതെ ഊരുവിദ്യാകേന്ദ്രങ്ങൾ, ക്ലബ്ബുകൾ, വായനശാലകൾ, അങ്കൺവാടികൾ, മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകൾ മുതലായ പൊതു ഇടങ്ങളിൽ താത്കാലികമായി ഓൺലൈൻ/ഡിജിറ്റൽ പഠന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. വൈദ്യുതി സൗകര്യം ഇല്ലാത്ത പ്രദേശങ്ങളിൽ സോളാർ പാനൽ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. സാമൂഹ്യപഠനമുറി ഫെസിലിറ്റേറ്റർമാർ, ഗോത്രബന്ധു പദ്ധതിയിലെ മെന്റർ ടീച്ചർമാർ, ഊരിലെ അഭ്യസ്തവിദ്യരായ യുവതീ യുവാക്കൾ എന്നിവരുടെ സേവനം പഠനത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. ഇന്റർനെറ്റ്/ഡി.റ്റി.എച്ച് സംവിധാനങ്ങൾ ലഭ്യമല്ലാത്ത കോളനികളിൽ അധ്യാപകർ വിക്ടേഴ്സ് ചാനലിലെ ക്ലാസുകൾ റെക്കോർഡ് ചെയ്ത ശേഷം ആയത് ഊരിൽ ഒരു പൊതു സ്ഥലത്ത് എത്തി വിശദീകരിച്ച് പഠനത്തെ സഹായിക്കുന്നുണ്ട്. അർഹരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക്, പഠനത്തിനായി വിദ്യാഭ്യാസ വകുപ്പ് KITE മുഖേന ലാപ്ടോപ്പുകൾ വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ